**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 203** **16-09-2025 - ൽ മറുപടിയ്ക്ക്**

**വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണം നിലവിൽ 95% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഐസൊലേഷൻ സെന്ററിൽ ഒരുക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | 10 കിടക്കകളുള്ള ഐസോലേഷൻ വാർഡിനുവേണ്ട മെഡിക്കൽ ഗ്യാസ് സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാവിധ ഉപകരണങ്ങളും ഉൾപ്പെടുന്ന 2400 സ്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രീ എഞ്ചിനീയറിംഗ് സ്ട്രക്ചറുകളും ഉപയോഗിച്ചുള്ള നിർമ്മാണമാണ് നടന്നുവരുന്നത്. 10 ഐസിയു ബെഡ്, ഡോക്ടർ റൂം -1, നഴ്സിംഗ് സ്റ്റേഷൻ, പ്രൊസീഡിയർ റൂം, 7 ടോയ് ലെറ്റ്, മെഡിക്കൽ ഗ്യാസ് പ്ലാന്റ് എന്നീ സൗകര്യങ്ങളാണ് ഐസൊലേഷൻ വാർഡിൽ ഒരുക്കിയിരിക്കുന്നത്. |
| (സി) | എത്ര തുകയാണ് ഇതിന്റെ നിർമ്മാണത്തിനായി അനുവദിച്ചിരിക്കുന്നതെന്നും സെന്ററിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | കിഫ്ബി ഫണ്ടും എം.എൽ.എ ഫണ്ടും തുല്യമായി വിനിയോഗിച്ച് 1,75,96,748/- രൂപയാണ് ഐസോലേഷൻ വാർഡ് നിർമ്മാണത്തിനായി അനുവദിച്ചിരിക്കുന്നത്. കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണത്തിൽ ഫിനിഷിംഗ് ജോലികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിച്ച് ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ